# ജീവിതം തന്നെ കവിത

## പി. കൃഷ്ണവാരിയർ

“അദ്ധ്യാപനം ഇപ്പോൾ വെറും വാചാലമായിരിക്കുന്നു. അർത്ഥം പറഞ്ഞുകൊടുക്കലേ എവിടേയും നടക്കുന്നുള്ളു. അനുഭവപ്പിക്കലില്ല.” ഒരിക്കൽ ഇടശ്ശേരി പറഞ്ഞു.

അനുഭൂതികളില്ലാതെത്രയോ പഠിച്ചുനാം
അനുഭൂതികൾക്കല്ലാതെത്രയോ പഠിപ്പിച്ചൂ

എന്നു അദ്ദേഹം എഴുതിയിട്ടുള്ളത് ഞാനപ്പോൾ ഓർത്തു. ഇടശ്ശേരി തുടർന്ന് തന്റെ ഒരനുഭവം വിവരിച്ചു. പ്രൈമറി സ്ക്കൂളിൽ മൂന്നാംതരത്തിൽ പഠിക്കുന്നകാലം. ശ്രീകൃഷ്ണചരിതം മണിപ്രവാളം ഓരോ സർഗം അന്ന് മൂന്നാം തരത്തിലും നാലാം തരത്തിലും പഠിക്കണം. ഒരു ദിവസം ക്ലാസ്സിൽ അദ്ധ്യാപകൻ

ദാരിദ്ര്യമെന്നുള്ളതറിഞ്ഞവർക്കേ
പാരിൽപരക്ലേശവിവേകമുള്ളൂ.

എന്ന വരികൾ ചൊല്ലി. പിന്നെ, വിദൂരതയിൽ കണ്ണുംനട്ട് ഇരിപ്പായി. അറിയാലോ അന്നത്തെ അദ്ധ്യാപകന്റെ സ്ഥിതി. ക്ലാസ്സുമുഴുവൻ നിശ്ശബ്ദം. ക്ലാസ്സിൽ സ്ഥിരമായ കുസൃതി കാണിക്കാറുള്ള അച്യുതൻ പോലും അദ്ധ്യാപകന്റെ മുഖത്തു തന്നെ നോക്കി ഇരിപ്പാണ്. അദ്ദേഹത്തിന്റെ കവിളിൽക്കൂടി കണ്ണുനീർ ഒലിച്ചിറങ്ങി. കുറച്ചുകഴിഞ്ഞ് അദ്ദേഹം മുഖം തുടച്ചു. ഈ വരികളെപ്പറ്റി ഒന്നും പറയാതെ പിന്നത്തെ ശ്ലോകം വായിച്ചു. ‘പരക്ലേശവിവേകം’ എന്നാലെന്താണെന്നു ഞങ്ങൾക്കെല്ലാം മനസ്സിലായി. ഒരു പക്ഷെ പരീക്ഷയ്ക്കു അർത്ഥമെഴുതാൻ പറഞ്ഞ് ആ സമസ്തപദം തന്നാൽ ഞങ്ങൾ തോറ്റെന്നിരിക്കും.’

വിദ്യാഭ്യാസത്തിന്റെ പോരായ്മകൾ ഉപന്യസിക്കാനല്ല; ഇടശ്ശേരിയുടെ വ്യക്തിത്വശോഭ വെളിവാക്കുവാൻ ഉതകുന്ന ഒരു പ്രവേശകം ആകട്ടെ എന്നു കരുതിയാണ് ഈ സംഭവം ഇവിടെ പരാമർശിച്ചത്.

ഇടശ്ശേരി എന്ന കവിയെ വിലയിരുത്താൻ എത്രയോ പേർ ശ്രമിച്ചിട്ടുണ്ട്. ഇനിയും ശ്രമിക്കുകയും ചെയ്യും. ഇടശ്ശേരി എന്ന മനുഷ്യനെപ്പറ്റി എഴുതാൻ അധികം പേർ തുനിഞ്ഞിട്ടില്ല. അദ്ദേഹത്തെ അടുത്തറിഞ്ഞ തലമുറയാവട്ടേ കുറ്റിയറ്റുപോവുകയുമാണ്. അതുകൊണ്ട്, എനിക്ക് നേരിട്ടറിയാവുന്ന കാര്യങ്ങളിൽ ചിലത് ഒട്ടും അതിശയോക്തി കലർത്താതെ ഇവിടെ കുറിച്ചിടേണ്ടത് എന്റെ കർത്തവ്യമാണെന്നു ഞാൻ കരുതുന്നു.

ഇടശ്ശേരി ജീവിച്ചിരുന്ന കാലത്ത് പൊന്നാനിക്കാർക്ക് അവരുടെ ക്ലേശങ്ങളിറക്കിവയ്ക്കാനുള്ള ഒരത്താണികൂടിയായിരുന്നൂ അദ്ദേഹം. അവരുടെ വിഷമങ്ങളിലും വിസ്മയങ്ങളിലും അദ്ദേഹത്തെ ഇടപെടുവിക്കുന്നത് അവർക്ക് ആശ്വാസമേകിയിരുന്നു. ഇടശ്ശേരിക്കും ആഹ്ലാദം നൽകിയിരുന്ന ഒന്നായിരുന്നു ആ ഇടപെടൽ.

‘എങ്കൽ ചേർത്താലും ഗുരോ സേവന മന്ത്രാക്ഷരം’ എന്നായിരുന്നുവല്ലോ അദ്ദേഹത്തിന്റെ പ്രാർത്ഥന. അങ്ങനെ തന്റെ ഇടപെടൽ ആവശ്യമായി വന്ന ഒരു കാര്യത്തെ – പ്രസിദ്ധ കവി കടവനാട് കുട്ടികൃഷ്ണന്റെ വിവാഹത്തെ – ‘മകന്റെ വാശി’ എന്ന കവിതയിൽ ഇടശ്ശേരിതന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. അത്തരം സന്ദർഭങ്ങളിൽ അദ്ദേഹം പ്രകടിപ്പിച്ച മനുഷ്യത്വവും സംസ്കാരവും അതുമായി ബന്ധപ്പെട്ടവരുടേയും പറഞ്ഞുകേട്ടറിഞ്ഞവരുടേയും മുമ്പിൽ അദ്ദേഹത്തെ ഉയർത്തിക്കെട്ടി. ‘ഡിപ്ലൊമസി’ അദ്ദേഹത്തിനന്യമായിരുന്നു. സത്യസന്ധത, ദാക്ഷിണ്യം, പരക്ലേശവിവേകം എന്നു തുടങ്ങിയ മൂല്യങ്ങളിൽ വേരുറച്ച ഒരു പച്ചമനുഷ്യനായിരുന്നു അദ്ദേഹം. ആദർശവാദിയാവാൻ, ശ്രമിച്ചാൽ ഒരു പക്ഷെ, ആർക്കും കഴിഞ്ഞേയ്ക്കും. എന്നാൽ, സ്വന്തം ആവശ്യങ്ങൾ – അത്യാവശ്യങ്ങൾ പോലും – മാറ്റിവച്ചു മറ്റുള്ളവരുടെ ആവശ്യങ്ങൾക്കു മുൻഗണന കൊടുക്കുകയെന്നത് സാധാരണമനുഷ്യർക്ക് അചിന്ത്യമാണ്. അതുകൊണ്ടാണ് ‘പരക്ലേശവിവേകം’ മനുഷ്യനുണ്ടാവേണ്ട ഗുണവിശേഷമാണെന്ന് സമ്മതിച്ചുകൊണ്ടുതന്നെ ദാരിദ്ര്യമെന്നുള്ളതറിഞ്ഞവർക്കേ അതുണ്ടാവൂ എന്നു മഹാകവി കുഞ്ചൻ നമ്പ്യാർ നിർവ്വചിച്ചത്.

ആ നിർവ്വചനത്തിന്റെ പരിധിയിൽ വരുന്ന ഒരു മനുഷ്യനാണ് ഇടശ്ശേരി. ഇടശ്ശേരിയുടെ കൂടപ്പിറപ്പായിരുന്നൂ ദാരിദ്ര്യം. ജീവിതത്തിലുടനീളം അതദ്ദേഹത്തെ വിടാതൊട്ടിനിന്നു. അദ്ദേഹത്തിന്റെ പല കവിതകളിലും ദാരിദ്ര്യം പ്രമേയമായിക്കാണുന്നതും അതുകൊണ്ടാണ്. ചിരിച്ചുകൊണ്ട് അദ്ദേഹം ജീവിതവിഷമങ്ങളെ നേരിട്ടു.

ഹേ, ലക്ഷ്മീദേവി, കാൽത്താർകളിലടിയനിതാ
വീണിരക്കുന്നു നീയും

**ജീവിതം തന്നെ കവിത**
**പി. കൃഷ്ണവാരിയർ**

2

കേറിക്കൂടൊല്ല നിന്നോമനദുരിതശതം
കൂടിയും പെറ്റുകൂട്ടാൻ

എന്ന് നർമ്മരസത്തോടെയാണെങ്കിലും അദ്ദേഹം പ്രാർത്ഥിക്കുന്നത് ആത്മാർത്ഥമായിത്തന്നെയാണ്. അദ്ദേഹം അനുഭവിച്ച് ദാരിദ്ര്യത്തിന്റെ കാഠിന്യം അദ്ദേഹം ഇങ്ങനെ വിവരിക്കുന്നു:

‘ചീറിക്കേറും കടത്തിൽ പ്രഹരമതിതര-
മേറ്റുകൊണ്ടിത്ര കാലം
നീറിക്കൊണ്ടേ കഴിഞ്ഞേൻ അനുദിനമവ-
മാനപ്പെടും പേടിയോടെ.’

താനെഴുതിയ അവസാനത്തെ കവിതയിൽ മാത്രമാണ് ദാരിദ്ര്യത്തിൽനിന്നും മുക്തമായിക്കൊണ്ട്

‘കടമില്ലിപ്പോൾ നാളെ-
ക്കടയിൽ പോകേണ്ട കാശുമില്ലിപ്പോൾ.’

എന്നദ്ദേഹം ആശ്വസിക്കുന്നത്.

പൊന്നാനിയിൽ വന്ന ആദ്യകാലത്ത് അദ്ദേഹത്തിന്നു ഭക്ഷണം ഒരപൂർവ്വവസ്തുവായിരുന്നു. വൈകുന്നേരം മാത്രമാണ് ഭക്ഷണമെന്നപേരിൽ അദ്ദേഹത്തിന്നു വല്ലതും കഴിക്കാൻ കിട്ടിയിരുന്നത്. തന്റെ തൊഴിൽ ദാതാവായ വക്കീലിന്റെ ഒരു സ്നേഹിതൻ നടത്തിയിരുന്ന ചായപ്പീടികയിലെ കണക്കെഴുത്ത് വക്കീൽ ഇടശ്ശേരിക്ക് തരപ്പെടുത്തിക്കൊടുത്തു. കണക്കെഴുത്തിന്ന് പ്രതിഫലം പീടികയിലുണ്ടാക്കുന്ന പലഹാരമായിരുന്നു. ഇഷ്ടം പോലെ കഴിക്കാം. ഈ കണക്കെഴുത്ത് കവിതയെഴുത്തു പോലെത്തന്നെ രസകരമായിരുന്നുവെന്നാണ് ഇടശ്ശേരി പറഞ്ഞിരുന്നത്. രണ്ടും ഭാവനയിൽ നിന്നുവേണം വിരിഞ്ഞു വരിക.

ആ ഒരു നേരത്തെ ഭക്ഷണം പോലും ആത്മാഭിമാനത്തിന്നു ക്ഷതമേറ്റപ്പോൾ ഇടശ്ശേരി വലിച്ചെറിഞ്ഞു. താൻ പറയുന്നതുപോലെ കണക്കെഴുതാനാണ് ഇടശ്ശേരിക്കു ചെല്ലും ചെലവും തരുന്നതെന്ന് കടയുടമ ശഠിച്ചപ്പോൾ, ഈ കടയിലെ ഭക്ഷണം കൊണ്ട് ജീവിച്ചോളാമെന്നു കരുതിയല്ല തന്റെ മാതാപിതാക്കൾ തന്നെ ജനിപ്പിച്ചതെന്നു പറഞ്ഞു ഇടശ്ശേരി ഇറങ്ങിപ്പോന്നു. എന്നാൽ, ആ സംഭവം അവരുടെ രണ്ടുപേരുടെയും സ്നേഹബന്ധം ഊട്ടിയുറപ്പിക്കുകയാണുണ്ടായത്.

ഈ കഠിനമായ ദാരിദ്ര്യാനുഭവം ഇടശ്ശേരിയുടെ സ്വഭാവശുദ്ധിക്ക് മാറ്റുകൂട്ടാനുതകുന്ന മൂശയായി പരിണമിച്ചു.

ഇടശ്ശേരിയുടെ പരക്ലേശവിവേകത്തിന്റെ ഒരേടാണ് പ്രസിദ്ധകവി യൂസഫലി കേച്ചേരി ‘ഒരു കഥ, പഴങ്കഥ’ എന്ന മനോഹരകവിതകൊണ്ട് ശാശ്വത്കരിക്കുന്നത്. മരുന്നു വാങ്ങാൻ ഇടശ്ശേരി കടം മേടിച്ച അഞ്ചുരൂപ അരി വാങ്ങാൻ മറ്റൊരാൾക്ക് ദാനം ചെയ്ത കഥ. മരുന്നിനേക്കാൾ പ്രാഥമ്യം ഭക്ഷണത്തിന്നാണ് എന്നത് ഇടശ്ശേരി അനുഭവിച്ചറിഞ്ഞ യാഥാർത്ഥ്യമാണ്.

ഇതൊരൊറ്റസ്സംഭവമല്ല. ഇടശ്ശേരിയെപ്പറ്റി ഇത്തരം കഥകൾ എത്രയോ പറയാനുണ്ട്. പലരുംകൂടി സഹകരണാടിസ്ഥാനത്തിൽ ‘വെസ്റ്റ് കോസ്റ്റ് പബ്ലിഷേർസ്’ എന്നൊരു പുസ്തക പ്രസിദ്ധീകരണശാല തുടങ്ങി. ശ്രീ വി.ടി. ഭട്ടതിരിപ്പാടായിരുന്നു പ്രസിഡണ്ട്. ഈ സ്ഥാപനത്തിന്ന് അധികം ആയുസ്സുണ്ടായില്ല. സാമ്പത്തികക്കുഴപ്പം മൂലം പ്രവർത്തനം ആകെ താറുമാറായി. ഇതിന്നുത്തരവാദിയായ സെക്രട്ടറിയുടെ പേരിൽ ക്രിമിനൽ കേസുകൊടുക്കണമെന്നുപറഞ്ഞു ക്ഷോഭിച്ചുവന്ന അഭിവന്ദ്യനായ വി.ടി. ഭട്ടതിരിപ്പാടിനോട് അക്ഷോഭ്യനായി ഇടശ്ശേരി ‘അയാൾക്കു മാപ്പു കൊടുക്കുകയാണ് വേണ്ടത്; അതല്ല, കേസ്സുകൊടുക്കണം എന്നുണ്ടെങ്കിൽ എന്നെക്കൂടി പ്രതിസ്ഥാനത്തു ചേർത്തോളൂ’ എന്നാണ് പറഞ്ഞത്. മാത്രമല്ല ആ മനുഷ്യനെ ഋണമുക്തനാക്കുവാൻ തന്റെ പുരയിടം പണയപ്പെടുത്തുകയും ചെയ്തു.

‘......ഇല്ല മാപ്പെന്ന ഗീരിൽ ക്രൂരത്വത്താലുയർത്തപ്പെടുക ഹൃദയമേ
പിന്നെയും, പിന്നെയും നീ’

എന്നെഴുതിയ ഇടശ്ശേരി തനിക്കൊഴിച്ച് മറ്റെല്ലാവർക്കും മാപ്പുകൊടുക്കുന്നതിൽ ഉദാരമനസ്കനായിരുന്നു.

ആവശ്യങ്ങൾ പൊറുതിമുട്ടിക്കുമ്പോഴും തെറ്റിലേയ്ക്ക് വഴുതി വീഴാതിരിക്കാൻ ഇടശ്ശേരി നന്നെ വിഷമിച്ചിട്ടുണ്ട്. വീട്ടിലെ നിത്യനിദാനച്ചെലവുകൾ മാത്രമല്ല, കുട്ടികൾക്ക് ഇടയ്ക്കിടെ ഉണ്ടാകുന്ന ദീനത്തിന് മരുന്ന് തുടങ്ങിയ ചെലവുകളും വർദ്ധിച്ചുകൊണ്ടേയിരുന്നു. വരവാകട്ടെ, അതിനനുസരിച്ചു വർദ്ധിച്ചതുമില്ല. പലപ്പോഴും എന്തുചെയ്യേണ്ടൂ എന്നറിയാത്ത അവസ്ഥ. കക്ഷികളുടെ പണം കയ്യിലുണ്ട്. അത്യാവശ്യത്തിന് അതു തിരിമറി ചെയ്താലോ? ആരും അറിയാൻ പോകുന്നില്ല. രണ്ടാഴ്ച കഴിഞ്ഞേ കക്ഷികൾക്ക് പണം കൊടുക്കേണ്ടു. അപ്പോഴേയ്ക്കും വേറെ കക്ഷികളുടെ പണം കയ്യിൽ വന്നു ചേരുകയും ചെയ്യും. അങ്ങനെ ചിന്തിക്കുമ്പോഴൊക്കെ ഗാന്ധിജിയുടെ മുഖമാണ് തന്റെ മുന്നിൽ തെളിഞ്ഞുവന്നിരിക്കുന്നതെന്നു

ഇടശ്ശേരി പറയാറുണ്ട്. ‘എന്റെ ജീവിത്തിൽ വളർച്ചയെന്നു വിശേഷിപ്പിക്കാവുന്ന വല്ല പരിവർത്തനവുമുണ്ടായിട്ടുണ്ടെങ്കിൽ അതിന്നുള്ള പ്രേരണ മറ്റൊരാചാര്യനിൽ നിന്നാവാൻ വയ്യ’ എന്ന് അദ്ദേഹം ഗാന്ധിജിയെക്കുറിച്ചെഴുതിയിട്ടുണ്ടല്ലോ. ഏതായാലും കഠിനമായ വിഷമങ്ങൾ നേരിട്ടപ്പോൾ പോലും അങ്ങനെ പണം തിരിമറി ചെയ്യുവാൻ തോന്നിയില്ല. എന്നിട്ടും ഒരിക്കൽ – ഒരിക്കൽ മാത്രം – ഒരു സുഹൃത്തിന്നുവേണ്ടി അങ്ങനെ ഒരു തിരിമറി ചെയ്തുപോയി. അതിന്റെ ശിക്ഷയായി തീവ്രമായ മനോവിഷമമാണ് അനുഭവിച്ചത്. അത് മറക്കാൻ വയ്യ. ‘വിഷപ്പാമ്പ്’ എന്ന കവിത അതിന്റെ ഫലമായുണ്ടായതാണ്.

ഇടശ്ശേരിയുടെ സത്യസന്ധതയും സദാചാരദീക്ഷയും പൊന്നാനിയിൽ മാത്രമല്ല, മറ്റു പ്രദേശങ്ങളിലും പ്രചരിച്ചിരുന്നു. പൊന്നാനിയിലെ ഒരു തറവാട്ടുകാരണവർ സ്വകാര്യമായും ധാരാളം സ്വത്തു സമ്പാദിച്ചിരുന്നു. അവിവാഹിതനായ അദ്ദേഹത്തിന്ന് രണ്ടു സഹോദരിമാരുണ്ടായിരുന്നു. അവരിൽ ഒരു സഹോദരിക്കും അവരുടെ മക്കൾക്കുമായി തന്റെ സ്വത്തത്രയും അദ്ദേഹം ഒസ്യത്തായി എഴുതി വച്ചു. ഇടശ്ശേരി അതിൽനിന്നദ്ദേഹത്തെ പിന്തിരിപ്പിക്കാൻ ശ്രമിച്ചുവെങ്കിലും പിടിവാശിക്കാരനായ കാരണവർ വഴങ്ങിയില്ല. താമസിയാതെ അദ്ദേഹം മരിക്കുകയും ചെയ്തു. സ്വത്ത് കിട്ടാത്ത സഹോദരിയും മക്കളും ഒസ്യത്തിനെ ചോദ്യം ചെയ്ത് കോടതിയിൽ കേസ്സു കൊടുത്തു. ഒസ്യത്ത് കൃത്രിമമാണ്, കാരണവരുടെ മരണശേഷം അദ്ദേഹത്തിന്റെ വിരലടയാളം രേഖയിൽ പതിപ്പിക്കുകയാണ് ചെയ്തത് എന്നായിരുന്നു അവരുടെ വാദം. ഒസ്യത്തിലെ കച്ചെഴുത്ത് ഇടശ്ശേരിയുടേതായിരുന്നു. ഇടശ്ശേരിയെ സാക്ഷിയായി വിസ്തരിച്ചു. ഇ. ഗോവിന്ദൻനായർ എന്നായിരുന്നു സാക്ഷിയുടെ പേര്. ഇങ്ങനെ ഒരു ഒസ്യത്ത് എഴുതി വയ്ക്കുന്നതിൽ നിന്ന് കാരണവരെ തടയാൻ താൻ ശ്രമിച്ചതും അതിന്നു വഴങ്ങാതെ അദ്ദേഹം ഒസ്യത്ത് രജിസ്റ്റർ ചെയ്തതും കോടതിയിൽ അദ്ദേഹം മൊഴികൊടുത്തു. മുൻസിഫ് വടക്കൻ പറവൂർകാരനായിരുന്നു. സാക്ഷി വിസ്താരം കഴിഞ്ഞു ഇടശ്ശേരി കൂട്ടിൽനിന്നിറങ്ങിയപ്പോൾ മുൻസിഫ് വക്കീൽമാരോടന്വേഷിച്ചു, “പ്രസിദ്ധകവിയായ ഇടശ്ശേരി ഗോവിന്ദൻനായരാണോ ഇപ്പോൾ ഇറങ്ങിപ്പോയ സാക്ഷി?” “അതെ” എന്നു ഉത്തരം കിട്ടിയപ്പോൾ മുൻസിഫ് പറഞ്ഞു, “എന്നാൽ, അദ്ദേഹം പറഞ്ഞതു അസത്യമായിരിക്കാൻ വഴിയില്ല.”

കേരളസംഗീതനാടകഅക്കാദമി 1974–ൽ സംസ്ഥാനകലോത്സവം നടത്തുകയുണ്ടായി. അതിന്റെ ഭാഗമായി മലപ്പുറം ജില്ലാകലോത്സവം നടത്താനുള്ള ചുമതലയുള്ള കൺവീനറായി നിശ്ചയിച്ചത് ഇടശ്ശേരിയെയായിരുന്നു. വിജയികൾക്കു നല്കാനുള്ള മെഡലുകൾ അക്കാഡമിയിൽനിന്ന് ഇടശ്ശേരി ഏറ്റുവാങ്ങി. അക്കാഡമിയിൽനിന്ന് നടന്നു പാറമേക്കാവ് അമ്പലത്തിന്നടുത്തെത്തിയപ്പോഴേയ്ക്കും മെഡലുകൾ നഷ്ടപ്പെട്ടു. ഇടശ്ശേരി അടുത്തുകണ്ട പീടികയിൽ കയറി അക്കാഡമിയിലേയ്ക്കു ഫോൺ ചെയ്തു. ‘മെഡലുകൾ കൈമോശം വന്നാൽ എന്താണ് ശിക്ഷ എന്നായിരുന്നു ചോദ്യം. അങ്ങേത്തലയ്ക്കൽ നിന്ന് ‘സാരമില്ല. തിരിച്ചു വന്നോളു. വേറെ മെഡലുകൾ തരാം’ എന്ന മറുപടി കിട്ടി. അക്കാഡമിയിൽ തിരിച്ചെത്തിയപ്പോൾ അവിടെ മെഡലുകൾ പൊതിഞ്ഞുവച്ചിരിക്കുന്നു. ‘ഇതിനെന്താണു വില?’ ഇടശ്ശേരി ചോദിച്ചു. ‘വിലയൊന്നും വേണ്ട. സാധാനം കൊണ്ടുപൊയ്ക്കോളൂ.’ എന്നു ഉദ്യോഗസ്ഥൻ. എന്നാൽ സാധനം കൊണ്ടു പോകുന്നില്ലെന്നായി ഇടശ്ശേരി. അവസാനം മെഡലുകളുടെ വില കണക്കാക്കി അതു നല്കിയതിന്നുശേഷമേ ഇടശ്ശേരി അവ കൈപ്പറ്റിയുള്ളു.

ഇടശ്ശേരിക്കു വളരെ വേണ്ടപ്പെട്ട, അദ്ദേഹത്തെ പല വിധത്തിലും സഹായിച്ചിട്ടുള്ള ഒരു സുഹൃത്തുണ്ടായിരുന്നു. കൈവശം വയ്ക്കാവുന്ന ഭൂസ്വത്തിന്നു പരിധി നിശ്ചയിച്ചു കൊണ്ടുള്ള ബിൽ നിയമസഭയിൽ പരിഗണനയ്ക്കു വന്നു. ബില്ലിൽ നിർദ്ദേശിച്ച പരിധിയിൽ കവിഞ്ഞ ഭൂസ്വത്തുള്ള സുഹൃത്തിന് അതു സംരക്ഷിക്കാൻ ഒരു സൂത്രം തോന്നി. വിവാഹമോചനം ചെയ്യുക. പകുതി സ്വത്ത് ഭാര്യയ്ക്ക് നല്കുക. അദ്ദേഹം ഇടശ്ശേരിയോട് ഉപദേശവും സഹായവും ആരാഞ്ഞു. എല്ലാം കേട്ടുകഴിഞ്ഞതിന്നുശേഷം നിങ്ങൾ രണ്ടുപേരും എവിടെ ജീവിക്കും?’ സുഹൃത്ത് നിർവ്വികാരനായി പറഞ്ഞു, ‘ഞങ്ങൾ ഒരേ വീട്ടിൽ ഇപ്പോഴത്തെപ്പോലെ ഒരുമിച്ചു താമസിക്കും.’ ഇടശ്ശേരി പൊട്ടിത്തെറിച്ചു, ‘അതായത് വ്യഭിചാരം. അതിന്നു ഞാൻ കൂട്ടുനില്ക്കണം, അല്ലേ? കടന്നുപോവിൻ, ഹേ.’ ബില്ല് നിയമമാവാൻ താമസിക്കുകയും നിയമമായപ്പോൾ ചില ഇളവുകളൊക്കെ അനുവദിക്കുകയും ചെയ്തുകൊണ്ട് സുഹൃത്ത് സ്വത്ത് നഷ്ടപ്പെടുന്നതിൽ നിന്നു വിവാഹമോചനം കൂടാതെ തന്നെ രക്ഷപ്പെട്ടു. ഇടശ്ശേരിയുമായുള്ള അദ്ദേഹത്തിന്റെ സൗഹൃദയമാകട്ടേ, കൂടുതൽ ദൃഢപ്പെടുകയേ ഉണ്ടായുള്ളൂ.’

ഇടശ്ശേരി പൊട്ടിത്തെറിച്ച ഒരവസരം കൂടി എന്റെ ഓർമ്മയിലുണ്ട്. പൊന്നാനിയിൽ അദ്ദേഹത്തിന്റെ ഷഷ്ടിപൂർത്തിയാഘോഷം നടന്നുകൊണ്ടിരിക്കുകയാണ്. മാതൃഭൂമി ദിനപത്രം അത് നന്നായി റിപ്പോർട്ടു ചെയ്തിരുന്നു. ഇടശ്ശേരിയെ ‘മഹാകവി’ എന്നു വിശേഷിപ്പിച്ചുകൊണ്ടായിരുന്നു റിപ്പോർട്ടു മുഴുവൻ. അതു കണ്ടപ്പോൾ അദ്ദേ

ഹത്തിന്റെ വിനയത്തിന്നു ക്ഷതം പറ്റിയിരിക്കണം. തന്റെ ചിരകാലസുഹൃത്തും അഭ്യുദയകാംക്ഷിയുമായ ശ്രീ ടി. ഗോപാലക്കുറുപ്പാണ് അതിന്നുത്തരവാദിയെന്ന് അദ്ദേഹം വിചാരിച്ചു. 'കണ്ടവർക്കൊക്കെ മഹാകവിപ്പട്ടം ചാർത്താൻ ആരാണു ഹേ, നിങ്ങൾക്കധികാരം തന്നത്?' എന്നാണ് ശ്രീ ഗോപാലക്കുറുപ്പിന്നു മുമ്പിൽ നിന്ന് അദ്ദേഹം ക്ഷോഭത്തോടെ ചോദിച്ചത്. ഗോപാലക്കുറുപ്പ് ഒരിളം ചിരിയോടെ മറുപടി യൊന്നും പറയാതെ ഇരുന്നതേയുള്ളൂ.

'താഴ്ത്തിക്കെട്ടിയകാര്യം സഹിക്കാം; പരമാർത്ഥഃ

മാത്രയുമില്ലാ സ്തുതി പോലെത്തുണ്ടപഹാസ്യം?' എന്ന് 'ആമയും മുയലും' എന്ന കവിതയിൽ ഇടശ്ശേരി ആമയെക്കൊണ്ടു ചോദിപ്പിക്കുന്നത് അദ്ദേഹം ഓർത്തി രിക്കാം.

ഇടശ്ശേരിയുടെ എടുത്തുപറയേണ്ട ഗുണങ്ങളാണ് ലാളിത്യവും നർമ്മബോ ധവും പ്രത്യുല്പന്നമതിത്വവും. പൊന്നാനി കൃഷ്ണപ്പണിക്കർ വായനശാലയുടെ കലാവിഭാഗമായ 'കൃപപ്രൊഡക്ഷൻ'സിന്റെ ബാനറിൽ ഞങ്ങൾ മാസാമാസം നാട കങ്ങൾ അരങ്ങേറിയിരുന്ന കാലം. ഇടശ്ശേരിയും പി.സി. കുട്ടികൃഷ്ണനും (ഉറൂബ്) എഴുതിയിരുന്ന നാടകങ്ങളാണ് ഞങ്ങൾ അധികവും അവതരിപ്പിച്ചിരുന്നത്. പത്തുരൂ പവീതം ഇരുപതുപേരിൽനിന്ന് സംഭാവന പിരിക്കും. ആ ഇരുന്നൂറുരൂപ കൊണ്ട് നാട കാവതരണം നടക്കും. സംഭാവന തരുന്നവർ വളരെ സന്തോഷത്തോടെയാണ് ഞങ്ങ ളോടു പെരുമാറിയിരുന്നത്. 'ഇനി എന്നാണു നാടകം?' എന്നു ചിലരൊക്കെ ഞങ്ങളെ കാണുമ്പോൾ പ്രോത്സാഹസൂചകമായി അന്വേഷിക്കുകയും പതിവായിരുന്നു. ഇതി ന്നെല്ലാം പിന്നിൽ ഇടശ്ശേരിയുടെ കരങ്ങളാണല്ലോ എന്നതായിരുന്നു എല്ലാവരു ടേയും ആശ്വാസം. ഒരു വൈകുന്നേരം ഇടശ്ശേരി എന്നോടു പറഞ്ഞു, "വരൂ, നമുക്കൊ രിടം വരെ പോകാനുണ്ട്." ഞങ്ങൾ വായനശാലയിൽ നിന്നിറങ്ങി നടന്നു. എവിടേ യ്ക്കെന്നു ഞാൻ ചോദിച്ചില്ല. അങ്ങനെ ചോദിക്കുന്ന പതിവുമില്ല. സ്ഥലം മുൻസി ഫിന്റെ താമസസ്ഥലത്താണ് ഞങ്ങൾ ചെന്നു കയറിയത്. അദ്ദേഹം സഹൃദയനാണ്; സരസനാണ്. ഒറ്റ ദോഷമേയുള്ളൂ. ആൾ ഒരു പരിഹാസപ്രിയനാണ്. ഞങ്ങൾ ചെല്ലു മ്പോൾ മുൻസിഫും ഭാര്യയും ഉമ്മറത്ത് വർത്തമാനം പറഞ്ഞുകൊണ്ടിരിക്കുകയാ ണ്. ഞങ്ങൾ ഉമ്മറത്തെത്തിയപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ അകത്തേയ്ക്കു പോയി. മുൻസിഫ് ചിരിച്ചുകൊണ്ട് ഞങ്ങളെ എതിരേറ്റു. 'വരൂ, വരൂ, നിങ്ങളെക്കണ്ടാൽ എന്റെ ഭാര്യയുടെ മുഖം കറുക്കും.' എന്നൊരു കമന്റും പാസ്സാക്കി. എനിക്ക് വലിയ വിഷമം തോന്നി. ഇടശ്ശേരിയെ അദ്ദേഹം ഒരു വക്കീൽ ഗുമസ്തനായി മാത്രമേ കാണുന്നുള്ളൂ വെന്നായിരുന്നു എന്റെ വിഷമം. ഇടശ്ശേരിയാകട്ടെ ഒട്ടും പ്രതികരിക്കാതെ ഉമ്മറത്തെ തിണ്ണയിൽ ഇരുന്നു പത്തുരൂപയുടെ രശീതി എഴുതിക്കൊടുത്തു. മുൻസിഫ് അക ത്തുപോയി പണം കൊണ്ടുവന്നു. ഇടശ്ശേരി അതുവാങ്ങി ജൂബ്ബയുടെ പോക്കറ്റിലിട്ടു വിനയം വിടാതെ പറഞ്ഞു. 'അടുത്ത മാസം മുതൽ ഈ സംഖ്യ വായനശാലയിലേ ക്കെത്തിക്കുക. എന്നാൽ ഭാര്യയുടെ മുഖം കറുക്കുന്നത് കാണാതെ കഴിക്കാമല്ലോ? തുടർന്നുണ്ടായ പൊട്ടിച്ചിരിയിൽ അപ്പോഴേക്കും പുറത്തുവന്ന അദ്ദേഹത്തിന്റെ ഭാര്യയും പങ്കെടുത്തു.

നാടകങ്ങൾ അരങ്ങേറുമ്പോൾ ഇടശ്ശേരിയുടെ സ്ഥിരം പങ്ക് പ്രോംപ്റ്ററുടേതാ ണ്. അദ്ദേഹം പുസ്തകവുമായി സൈഡ്കർട്ടനു പിന്നിലുണ്ടെങ്കിൽ അഭിനേതാ ക്കൾക്ക് ധൈര്യമായി. റിഹേഴ്സൽ സ്ഥിരമായി കാണുന്ന ഇടശ്ശേരിക്ക് ഓരോ നടനും എവിടെ തപ്പിത്തടയുമെന്നത് മനപ്പാഠമാണ്. അവിടെ നടനെ സഹായിക്കാൻ സന്നദ്ധനായി അദ്ദേഹമുണ്ടാവും. ദുർല്ലഭം ചിലപ്പോൾ രംഗത്തും അദ്ദേഹത്തിന്നു പ്രത്യക്ഷപ്പെടേണ്ടിവന്നിട്ടുണ്ട്. കൂട്ടുകൃഷി രംഗത്തവതരിപ്പിച്ചിരുന്ന കാലത്ത് ഒരി ക്കൽ അങ്ങനെ ഒരനുഭവം ഉണ്ടായി. പശുവിനെകാണാതെ പരിഭ്രമിച്ചു 'എന്റെ പയ്യിനെക്കണ്ടോ?' എന്നുചോദിച്ചുകൊണ്ട് രംഗത്തുവരേണ്ട വാരിയരുടെ ഭാഗം അഭിനയിക്കേണ്ട നടൻ തയ്യാറായി വന്നില്ല. ഇടശ്ശേരി ഒട്ടും സംശയിച്ചില്ല. പ്രോംപ്റ്റ് ചെയ്തുകൊണ്ടിരുന്ന അതേ വേഷത്തിൽ പുസ്തകവും കൈയ്യിൽ പിടിച്ചു കൊണ്ടുതന്നെ രംഗത്തെത്തി. 'പശുവിനെ കാണാത്ത പരിഭ്രമം വാരിയരുടെ മുഖ ത്തുനിന്ന് കാണികളുടെ മുഖത്തേയ്ക്കു പരന്നത് അന്നാ'ണെന്ന് പിന്നീടൊരിക്കൽ ശ്രീ പി.സി. കുട്ടികൃഷ്ണൻ ആ സംഭവം അനുസ്മരിച്ചുകൊണ്ടു പറയുകയുണ്ടായി.

വൈകുന്നേരം കോടതിയിൽ നിന്നു മടങ്ങുമ്പോൾ മിക്കദിവസങ്ങളിലും അദ്ദേഹം എ.വി. ഹൈസ്ക്കൂളിൽ കയറും. പുതുതായെഴുതിയ കവിതയുണ്ടെങ്കിൽ അതെന്നെ വായിച്ചു കേൾപ്പിക്കും. ഒരു ദിവസം പതിവുപോലെ എന്റെ മുന്നിലെ കസേരയിലിരുന്നു അദ്ദേഹം ജുബ്ബയുടെ പോക്കറ്റിൽ കയ്യിട്ടു. ഒരു കവിതയുടെ വര വാണെന്നു കരുതി ഞാൻ തയ്യാറെടുത്തു. ഒരു കത്താണ് അദ്ദേഹം പോക്കറ്റിൽ നിന്നെടുത്തത്. 'ഇതൊന്നു വായിക്കൂ' എന്നു പറഞ്ഞു ഇടശ്ശേരി കത്ത് എന്റെ കയ്യിൽ തന്നു. കോഴിക്കോടു സർവ്വകലാശാലയിലെ ബോർഡ് ഓഫ് സ്റ്റഡീസിൽ അംഗവും ഇടശ്ശേരിയുടെ ആരാധകനുമായ ഒരു പ്രൊഫസറുടെ കത്തായിരുന്നു അത്. ഡിഗ്രി

കോഴ്സിന്നുള്ള മലയാളം പാഠപുസ്തകങ്ങളുടെ പരിഗണനക്കായി ഇടശ്ശേരിയുടെ ഒരു പുസ്തകവും ബോർഡ് ഓഫ് സ്റ്റഡീസിന്നു മുമ്പിൽ വന്നിട്ടുണ്ട്. ബോർഡിലെ മറ്റംഗങ്ങളുടെ പേരുകൾ കത്തിലുണ്ട്. ഇടശ്ശേരി നേരിട്ട് അവർക്കെല്ലാം കത്തെഴുതണം. ഇതായിരുന്നു കത്തിലെ വിഷയം. കത്ത് വായിച്ചു ഞാൻ ഇടശ്ശേരിയുടെ മുഖത്തേക്കു നോക്കി. 'എന്താ അങ്ങനെ ചെയ്താൽ? എന്റെ ഒരു ഉൽപന്നത്തിന്ന് ഇന്നയിന്ന ഗുണങ്ങളുണ്ട് എന്നു ഞാൻ പറയുന്നതിലെന്താതെറ്റ്?' അദ്ദേഹം ചോദിച്ചു. ഞാൻ മറുപടിയൊന്നും പറഞ്ഞില്ല. ഒരാഴ്ച കഴിഞ്ഞു ഞാൻ ഇടശ്ശേരിയോടു ചോദിച്ചു, 'ബോർഡ് ഓഫ് സ്റ്റഡീസിലെ അംഗങ്ങൾക്ക് കത്തയച്ചുവോ?" 'ഇല്ല' അതു വേണ്ടെന്നു തോന്നി," എന്നായിരുന്നു അദ്ദേഹത്തിന്റെ ഉത്തരം. തെറ്റിന്റെ മുന്നിൽ ന്യായവാദങ്ങൾക്ക് നിലനില്പില്ല എന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്.

'തലനാർക്കോടിയുടെ നൂറാലൊരുകന-
മേലും വര കൊണ്ടല്ലോ
നലമോടതിരു വരച്ചതു ദൈവം
ശരിയും തെറ്റും തമ്മിൽ.
വരപോകട്ടെ, വരമ്പുകൾ കാണാൻ
പോലും കണ്ണട വേണം
നരനു തടഞ്ഞുവീഴാതെ നടക്കാൻ
തരമില്ലല്ലോ മണ്ണിൽ.'

എന്ന് ഇടശ്ശേരി പറയുന്നുണ്ട്. നനുത്ത വരപോലും സൂക്ഷ്മമായി കാണാൻ കഴിയുന്ന ഉൾക്കണ്ണുണ്ടായിരുന്നു അദ്ദേഹത്തിന്ന്. തടഞ്ഞു വീഴുന്നതിൽനിന്ന് അത് അദ്ദേഹത്തെ പലപ്പോഴും താങ്ങിനിർത്തി.

ഇടശ്ശേരി ഉള്ളിന്റെയുള്ളിൽ ഒരു കർഷകനായിരുന്നു. മണ്ണിനോട് അദമ്യമായ സ്നേഹമുള്ള കർഷകൻ. പുത്തില്ലത്തെ പറമ്പിൽ വാഴയും കായ്കറികളും നട്ടുവളർത്തുന്നത് കവിതയെഴുത്തുപോലെത്തന്നെ ഇഷ്ടപ്പെട്ടതായിരുന്നു അദ്ദേഹത്തിന്ന്.

ശ്രീ പി.സി. കുട്ടികൃഷ്ണൻ (ഉറൂബ്) ഒരിക്കൽ ഇടശ്ശേരിയോടു ചോദിച്ചു, "ഇടശ്ശേരി ഇപ്പോഴെന്താ നാടകമൊന്നും എഴുതാത്തത്?" ഇടശ്ശേരി പറഞ്ഞു, "അതിന് രണ്ടു കാരണങ്ങളുണ്ട്. ഒന്ന്, ഗോപാലക്കുറുപ്പ് മരിച്ചുപോയി. രണ്ട്, ഞാൻ ചെരിപ്പിടാൻ തുടങ്ങി."

ഇടശ്ശേരിയുടെ നാടകങ്ങളിലെ പ്രധാന നടനായിരുന്നു ശ്രീ ടി.ഗോപാലക്കുറുപ്പ്. തന്റെ നാടകങ്ങൾക്ക് രംഗത്ത് മിഴിവേറ്റിയിരുന്നത് ഗോപാലക്കുറുപ്പാണെന്ന് ഇടശ്ശേരി പറയാറുണ്ടായിരുന്നു. മാത്രമല്ല, ഗോപാലക്കുറുപ്പിനെ പ്രധാനപാത്രമായി കണ്ടുകൊണ്ടാണ് അദ്ദേഹം നാടകമെഴുതിയിരുന്നതുതന്നെ.

'ജീവിതമെന്നെപ്പൊക്കിക്കാട്ടുവാൻ വേണ്ടു പര-
ഭാഗമാക്കിയ ഭവാൻ.'

എന്നാണ് ഇടശ്ശേരി ഗോപാലക്കുറുപ്പിനെ വിശേഷിപ്പിക്കുന്നത്.

'ഒരു നാടകമേതാണ്ടെഴുതിത്തീർത്തേൻ, പിറ്റേ-
ന്നതു വായിച്ചൂ താങ്കൾ, നാലഞ്ചുനാളിന്നകം
ഗ്രാമീണവിദ്യാലയം നാടകക്കളരിയായ്
നാൾതോറും കളിത്തട്ടായ് കൊച്ചുബഞ്ചുകൾ നിന്നൂ
അവയിൽസ്സതീർത്ഥ്യരോടൊന്നിച്ചു നാട്യകലാ-
വിവിധമർമ്മങ്ങളെ താങ്കളിൽനിന്നും കേൾക്കേ,
കേരളകലാവേദിതൻ നവോത്ഥാനത്തിന്റെ
കേളിക്കൈകളിലങ്ങേക്കൈത്തഴക്കം ഞാൻ കണ്ടൂ'

എന്നും ഇടശ്ശേരി അദ്ദേഹത്തെ വാഴ്ത്തുന്നുണ്ട്. അതുകൊണ്ട് ആ കാരണം പി.സി.ക്ക് ബോദ്ധ്യപ്പെട്ടു. പക്ഷെ, ചെരിപ്പിടാൻ തുടങ്ങിയത് നാടക രചനയെ എങ്ങനെ ബാധിക്കും?

ഇടശ്ശേരിക്ക് ജന്മനാ മുടന്തുണ്ടായിരുന്നു. വലതുകാലിലെ പടം മേലോട്ടു മറിഞ്ഞതായിരുന്നു. നേരെ നടക്കാനുള്ള അതിയായ മോഹം കൊണ്ടും ഒരു നല്ല ഉഴിച്ചിൽ വിദഗ്ദ്ധന്റെ സാമർത്ഥ്യം കൊണ്ടും കഠിനമായ വേദന സഹിച്ചു കാൽപടം നേരെയായി. 'മറ്റേമുണ്ട്' എന്ന കവിതയിൽ ഇടശ്ശേരി ഇക്കാര്യം വിവരിക്കുന്നുണ്ട്. എന്നിട്ടും ചെരുപ്പിട്ടു നടക്കുവാൻ അദ്ദേഹത്തിന്നു വിഷമമായിരുന്നു. തോൽചെരുപ്പുകളൊന്നും കാലിന്നു ഇണങ്ങുകയില്ല. ഒടുവിൽ വളരെ കാലത്തിന്നുശേഷം റബ്ബർ ചെരുപ്പുകൾ വിപണിയിലെത്തിയതോടെയാണ് ഇടശ്ശേരിക്കു ചെരിപ്പിട്ടു നടക്കാമെന്നായത്. ഈ കഥയൊക്കെ പി.സി.ക്കു നന്നായറിയാം. പക്ഷെ, ഇതെങ്ങനെ നാടകരചനയ്ക്കു തടസ്സമാകും? ഇടശ്ശേരിയോടുതന്നെ ചോദിച്ചു. അപ്പോൾ ഇടശ്ശേരി പറഞ്ഞു, 'മനസ്സിലായില്ലേ? ചെരുപ്പിടാൻ തുടങ്ങിയതോടെ മണ്ണുമായുള്ള എന്റെ ബന്ധം വിട്ടു. മണ്ണുമായി ബന്ധമില്ലാതെ എന്തു നാടകം?'

ഹെഡ്മാസ്റ്ററായി നിയമിതനായപ്പോൾ ചുമതലയേല്കും മുമ്പ് എന്റെ ഗുരു

സ്ഥാനീയരായ മഹത്തുക്കളെക്കണ്ട് അനുഗ്രഹം വാങ്ങണമെന്ന് എനിക്കാഗ്രഹമുണ്ടായിരുന്നു. ഏതോ ഒരു കുടുംബഭാഗക്കേസ്സിൽ ഇടപെടേണ്ടിവന്ന ഇടശ്ശേരി രാവിലെ നന്നെ നേരത്തേ വീട്ടിൽ നിന്നു പോവുകയും വളരെ വൈകിമാത്രം വീട്ടിലെത്തുകയും ചെയ്തിരുന്നതുകൊണ്ട് അദ്ദേഹത്തെമാത്രം ഉദ്ദേശിച്ചപോലെ കാണാൻ കഴിഞ്ഞില്ല. ഒരാഴ്ചകഴിഞ്ഞ് ഒരു വൈകുന്നേരം അദ്ദേഹം, 'എന്താ, ഹെഡ്മാസ്റ്ററായി, അല്ലേ?' എന്ന് തമാശയായി പറഞ്ഞു. പിന്നെ ഗൗരവത്തോടെ, 'ഒരു കാര്യം എപ്പോഴും ശ്രദ്ധിച്ചോളൂ. എന്തുചെയ്താലും ആളുകൾ അതിന്നു രണ്ടർത്ഥം കാണും. അതുകൊണ്ട് സ്വന്തം മനസ്സാക്ഷിക്കനുസരിച്ച്, ശരിയെന്നു തോന്നുന്നത് ധൈര്യമായി ചെയ്തോളൂ എന്ന ഉപദേശം തന്നു. ആ വർഷാവസാനം അദ്ദേഹം 'ആശാൻ പറഞ്ഞത്' എന്ന മനോഹരകവിത എന്നെ ചൊല്ലിക്കേൾപിച്ചു.

'എന്തുചെയ്താലും തെറ്റാ
മെന്നു തോന്നുമ്പോൾ ചെയ്വ-
തെന്തും നീയുറപ്പിച്ചു
ചെയ്യുകയത്രേ വേണ്ടൂ!'

എന്ന ഉപദേശത്തോടെ ആ കവിത അവസാനിക്കുന്നു.

പരിസ്ഥിതിപ്രശ്നവും സ്ത്രീവിമോചനവും സാംസ്കാരിക പ്രവർത്തകരുടെ ഗൗരവമായ ചിന്തയ്ക്കു വിഷയമാകുന്നതിന്നു എത്രയോ മുമ്പ് ഇടശ്ശേരി അവയെപ്പറ്റി ഗാഢമായി ചിന്തിച്ചിട്ടുണ്ട്. 1953-ലെഴുതിയ 'കുറ്റിപ്പുറംപാലം' എന്ന കവിതയിൽ 'അകലേയ്ക്കകലേയ്ക്കകലുന്ന' ഗ്രാമലക്ഷ്മിയേയും 'ആകുലയാമൊരഴുക്കുചാലായ്'മാറുന്ന പേരാറിനേയും ഓർത്ത് അദ്ദേഹം വ്യാകുലപ്പെടുന്നുണ്ട്.

ഇടശ്ശേരി പങ്കെടുത്ത അവസാനത്തെ പൊതുപരിപാടി പൊന്നാനിയിലെ തൃക്കാവ് മഹിളാസമാജത്തിന്റെ കെട്ടിടോദ്ഘാടനമായിരുന്നു. ശ്രീമതി ബാലാമണിയമ്മയാണ് ഉത്ഘാടനകർമ്മം നിർവ്വഹിച്ചത്. യോഗത്തിൽ പ്രസംഗിച്ച ഇടശ്ശേരി സ്ത്രീകൾ അനുഭവിക്കേണ്ടിവരുന്ന യാതനകളെക്കുറിച്ചാണ് പറഞ്ഞത്. സാമ്പത്തികമായി ഭർത്താവിന്നടിമപ്പെടേണ്ടിവരുന്നതുകൊണ്ടാണ് സ്ത്രീകൾക്കു അവരിൽ നിന്നു പീഢനം സഹിക്കേണ്ടിവരുന്നത് എന്നായിരുന്നു തന്റെ ധാരണ. എന്നാൽ സ്വന്തമായി സമ്പാദിക്കാൻ കഴിയുന്ന സ്ത്രീകൾ പോലും ഭർത്താവിൽനിന്ന് പീഡനം സഹിച്ചുകൊണ്ടിരിക്കുന്നത് നാം കാണുന്നുണ്ട്. ഇതിന്നു പരിഹാരം കാണാൻ മഹിളാസമാജങ്ങൾക്കു കഴിയണം. എന്നായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗച്ചുരുക്കം. യോഗം കഴിഞ്ഞു ചായ കുടിച്ചുകൊണ്ടിരുന്നപ്പോൾ ശ്രീമതി ബാലാമണിയമ്മ ഇടശ്ശേരിയോടു ചോദിച്ചു, 'ഇതൊക്കെ നിങ്ങൾ ഞങ്ങളോടു പറഞ്ഞിട്ടെന്താ? നിങ്ങളുടെ സഹോദരന്മാരോടല്ലേ സ്ത്രീപീഡനം നിർത്തണമെന്നു നിങ്ങൾ ഉറപ്പിച്ചു പറയേണ്ടത്?' ഇടശ്ശേരി പറഞ്ഞു, 'അവരോടു എത്ര ഉറപ്പിച്ചു പറഞ്ഞിട്ടും കാര്യമില്ല. സ്ത്രീകൾ എന്ന് തങ്ങൾ അബലകളല്ല എന്നു പുരുഷന്മാരെ ബോദ്ധ്യപ്പെടുത്തുകയും ശക്തികൊണ്ടു തങ്ങളെ പ്രതിരോധിക്കാൻ തയ്യാറാവുകയും ചെയ്യുന്നുവോ, അന്നേ ഇതിന്നൊരു പരിഹാരമുണ്ടാവൂ.'

'കുന്നിനെക്കുടയാക്കീടാം
കുബ്ജയെസ്സുകുമാരിയും
ദാസിയെ-ദൈവവും തോറ്റൂ
ദാസിയല്ലാതെയാക്കുവാൻ.'

എന്ന് അദ്ദേഹം 1958ൽ എഴുതിയ 'വരദാനം' എന്ന കവിതയിൽ പറയുന്നുണ്ട്. സ്ത്രീകൾ ഈ ദാസ്യഭാവം കൈവെടിയുമ്പോഴേ സ്ത്രീവിമോചനം ഒരു യാഥാർത്ഥ്യമാവൂ.

ഇടശ്ശേരി തന്റെ മരണം മുൻകൂട്ടി കണ്ടിരുന്നു. കുറച്ചു ദിവസമായി ശാരീരികാസ്ഥാസ്ഥ്യം അനുഭവിക്കുകയായിരുന്ന അദ്ദേഹത്തോട് കോഴിക്കോട്ടു പോയി വിദഗ്ദ്ധ ഡോക്ടർമാരെ ആരെയെങ്കിലും കണ്ട് ഒരു സമ്പൂർണ്ണ പരിശോധനയ്ക്കു വിധേയമാകണമെന്നു ഞാൻ നിർദ്ദേശിച്ചു. 'വരട്ടെ. കുറച്ചു ദിവസം കൂടി കഴിയട്ടെ' എന്നാണദ്ദേഹം മറുപടി പറഞ്ഞത്. വസ്തുതർക്കത്തിലോ അങ്ങനെ ഏതെങ്കിലും പ്രമാദമായ വിഷയത്തിലോ അദ്ദേഹത്തിന്റെ ഇടപെടൽ അനിവാര്യമായതുകൊണ്ടായിരിക്കാം അങ്ങനെ പറഞ്ഞത് എന്നാണ് ഞാൻ അപ്പോൾ ധരിച്ചത്. 'പാൽക്കടൽ കടയുമ്പോൾ' 'ഉറങ്ങണം' എന്നീ കവിതകളിൽ തന്റെ ആസന്നമൃത്യുവെ അദ്ദേഹം സ്വാഗതം ചെയ്യുന്നതു കാണുവാൻ എന്തുകൊണ്ടോ എനിക്കന്നു കഴിഞ്ഞില്ല. മരണം നീട്ടി വയ്ക്കാനാവില്ലെങ്കിലും ഇടശ്ശേരിയെ നിർബന്ധപൂർവ്വം വിദഗ്ദ്ധ ചികിത്സക്കു വിധേയനാക്കാൻ കഴിഞ്ഞില്ലല്ലോ എന്നത് ഒരു തീരാദുഃഖമായി ഇപ്പോഴും മനസ്സിൽ നീറിക്കിടയ്ക്കുന്നു.

പുതുതായി എഴുതിയ ഓരോ കവിതയും ഇടശ്ശേരി ചൊല്ലുന്നതു കേട്ടുകഴിയുമ്പോൾ നല്ല കവിത എന്നു തോന്നുന്നതോടൊപ്പം അദ്ദേഹത്തിന്റെ ഏറ്റവും നല്ല കവിത വരാനിരിക്കുന്നതേയുള്ളൂ എന്നും എനിക്കു തോന്നിയിരുന്നു. ഈ തോന്നൽ

ഇടശ്ശേരിക്കുമുണ്ടായിരുന്നു എന്ന് 'പാൽക്കടൽ കടയുമ്പോൾ' എന്ന കവിതയിൽ 'പീയുഷോദയമത്യാസന്നം' എന്നു അദ്ദേഹം ചൊല്ലിയപ്പോൾ ഞാൻ സംശയിച്ചു. അതിന്നു സാധിക്കുമോ എന്നു കവിക്കാശങ്കയുമുണ്ട്. 'ഒരു നോക്കെന്നുടെ യജ്ഞഫല ത്തെക്കാണാതിരുളിൽ താഴുന്നിവനെത്താങ്ങിടു കെന്നുടയോനേ' എന്നു അദ്ദേഹം കേഴുന്നുണ്ട്. ഒന്നുരണ്ടു വർഷങ്ങളായി അദ്ദേഹത്തിന്ന് ശ്രീകൃഷ്ണനെപ്പറ്റി ഒരു ഖണ്ഡകാവ്യം രചിക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നു. കൃഷ്ണനെപ്പറ്റി അതിനൂതന മായ ഒരു കാഴ്ചപ്പാടും അദ്ദേഹത്തിന്റെ ഉള്ളിൽ രൂപപ്പെട്ടിട്ടുണ്ടായിരുന്നു. ആ യജ്ഞ ഫലം ആർക്കും ആസ്വദിക്കാൻ കഴിയാതെപോയി.

ഇടശ്ശേരിയുടെ ചരമത്തിനുശേഷം അദ്ദേഹം എഴുതിയവയിൽ ഏറ്റവും നല്ല കവി തയേത് എന്ന അന്വേഷണത്തിൽ എന്റെ മനസ്സ് വ്യാപൃതമായി. അദ്ദേഹത്തിന്റെ ഓരോ കവിതയും മികവിൽ ഒപ്പത്തിനൊപ്പം നില്കുന്നതായി തോന്നി. അതുതന്നെ മനസ്സി ലിട്ടു കടഞ്ഞുകൊണ്ടിരിക്കേ അടിത്തട്ടിൽനിന്ന് ഇങ്ങനെ ഒരു ഉത്തരം പൊന്തിവന്നു. എന്തിനാണീ  അന്വേഷണം? ഇടശ്ശേരിയുടെ ഏറ്റവും നല്ല കവിത അദ്ദേഹത്തിന്റെ ജീവിതം തന്നെയല്ലേ!

**ജീവിതം തന്നെ കവിത**
**പി. കൃഷ്ണവാരിയർ**